# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6046 04/11/2016-ൽ മറുപടിയ്ക്ക്**

## വാടാനപ്പള്ളിയിലെ മത്സ്യത്തൊഴിലാളികളുടെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മണലൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശമായ വാടാനപ്പള്ളി ബീച്ചിനോട് ചേർന്നുള്ള ഭാഗത്തെ പൈപ്പ് ലൈനുകൾ കടൽക്ഷോഭത്താൽ തകർന്ന് പോയതിനാൽ നിരവധി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വകുപ്പിൽ ഇതു സംബന്ധിച്ച പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടില്ല. എന്നാൽ മത്സ്യഭവൻ ഓഫീസറുടെ 02/11/2016 ലെ നേരിട്ടുള്ള പരിശോധനയിൽ പൈപ്പ് ലൈൻ പൊട്ടിയതായി കാണുന്നു. |
| ബി) പ്രസ്തുത പൈപ്പ് ലൈനുകൾ പുനസ്ഥാപിക്കുവാൻ ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ; | ബി) ഫിഷറീസ് വകുപ്പ് മുഖേന ഫണ്ട് അനുവദിച്ചിട്ടില്ല. |
| സി) ഫിഷറീസ് വകുപ്പ മുഖേന ഇതുവരെ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ? | സി) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15-ൽ ഉൾപ്പെടുത്തി 140.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 16, 17, 18 ൽ സംപ്-160എംഎം/90എംഎം എച്ച്.ഡി.പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ<br>(2) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 9, 11, 12 ൽ സംപ്-110എംഎം 90എംഎം/ 75എംഎം എച്ച്.ഡി.പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ<br>(3) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 17, 1 ൽ കേടായ പൈപ്പ് മാറ്റി സ്ഥാപിക്കൽ<br>(4) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 14 ലെ നിലവിലുള്ള കിണറിൽ |

നിന്നും വാർഡ് നമ്പർ 16 ലേക്ക് 75എം.എം
വഴി കുടിവെള്ളം എത്തിക്കൽ

കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

സെക്ഷൻ ആഫീസർ